# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :595
# 12.06.2012 - ൽ മറുപടിയ്ക്ക്

## സിഡ്കോ ഉൽപ്പന്നങ്ങളുടെ വിപണനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.കെ.നാരായണൻ** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ വിറ്റുവരുന്ന ഉൽപ്പന്നങ്ങളിൽ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നവ ഏതൊക്കെയാണെന്നും സ്വന്തം യൂണിറ്റുകൾ വഴിയല്ലാതെ ഉൽപ്പാദിപ്പിക്കുന്നവ ഏതെല്ലാമെന്നും വിശദമാക്കുമോ; | : | (എ) സിഡ്കോയുടെ കീഴിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകളിൽ സ്റ്റീൽ, തടി മറ്റു അനുബന്ധ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കൊണ്ടുള്ള ഫർണിച്ചർ, ജനറൽ എൻജിനീയറിംഗ് വിഭാഗത്തിൽ കേരള ആട്ടോ മൊബൈൽ എഞ്ചിനീയറിംഗിനു വേണ്ട കാസ്റ്റിംഗ് ഉൽപ്പന്നങ്ങൾ, കേരള ആഗ്രോ മെഷിനറി കോർപ്പറേഷനു വേണ്ട കംപോണൻസ്, ഐ.എസ്.ആർ.ഒ.യ്ക്ക് വേണ്ട ചില കംപോണൻസ് എന്നിവ ഉൽപ്പാദിപ്പിച്ചു നൽകുന്നുണ്ട്. കൂടാതെ സിഡ്കോയുടെ കീഴിൽ മാർക്കറ്റിംഗ് സേവനത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന സ്റ്റീൽ, വുഡൻ ഫർണിച്ചർ, ഹോസ്പ്പിറ്റൽ ഫർണിച്ചർ, ലാബ് ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഐറ്റംസ് എന്നിവയും Hebron Aqua and Foods India (P) Ltd., Kerala Soaps, Bamboo Corporation എന്നീ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നു. |
| (ബി) സിഡ്കോ ഉൽപ്പാദകരിൽ നിന്നും വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ വിപണനത്തിന് എത്ര ശതമാനം മാർജിൻ എടുക്കുന്നുണ്ട്; | : | (ബി) തടി ഉൽപ്പന്നങ്ങൾക്ക് 10%-ഉം സ്റ്റീൽ ഉൽപ്പന്നങ്ങൾക്ക് 12%-ഉം സേവന ചാർജ്ജ് ഇനത്തിൽ എടുക്കുന്നുണ്ട്. കൂടാതെ ഐ.റ്റി & റ്റി.സി. ഡിവിഷന്റെ കീഴിലുള്ള ട്രേഡിംഗ് വിങ്ങ് വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് 3% മുതൽ 5% വരെ മാർജിൻ എടുക്കുന്നുണ്ട്. |

(സി) സിഡ്കോ നിലവിൽ വിപണനം ചെയ്യുന്ന ഉൽപന്നങ്ങൾ ഏതെല്ലാം സ്വകാര്യ യൂണിറ്റുകളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നവയാണെന്ന് വെളിപ്പെടുത്താമോ;

: (സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) സിഡ്കോ വാങ്ങുന്നതും വിൽക്കുന്നതുമായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വിലയും നിശ്ചയിക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ ?

: (ഡി) സിഡ്കോ വിപണനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് വേണ്ടി ഒരു പ്രത്യേക ക്വാളിറ്റി ഇൻസ്പെക്ഷൻ സെൽ സിഡ്കോ ഹെഡ്ഡാഫീസിൽ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ സിഡ്കോയിലെ ക്വാളിറ്റി ഇൻസ്പെക്ടർമാർ യൂണിറ്റുകളിൽ പലഘട്ടങ്ങളിലായി നേരിട്ട് പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. പ്രൊഡക്ഷൻ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി ഇൻസ്പെക്ടർമാരെ ഇതിനായി നിയോഗിച്ചിരിക്കുന്നു. സിഡ്കോ വിതരണം ചെയ്യുന്ന സ്റ്റീൽ, വുഡൻ ഫർണിച്ചർ എന്നിവയ്ക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയാണ് ഈടാക്കുന്നത്. കൂടാതെ ഐ.റ്റി.&റ്റി.സി. ഡിവിഷന്റെ കീഴിലുള്ള ട്രേഡിംഗ് വിങ്ങ് സർക്കാർ അനുശാസിക്കുന്ന Quality Certification ഉള്ള ഉൽപ്പന്നങ്ങൾ മാത്രമേ വിപണനം നടത്തുന്നുള്ളൂ. വില മാർക്കറ്റ് വിലയുമായി താരതമ്യപഠനം നടത്തി competitive price ആണ് fix ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.